## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത 6113-ാം നമ്പർ ചോദ്യം 28.10.2011 -ലെ മറുപടിക്ക്

### ശമ്പളവിതരണം എ.റ്റി.എം. വഴി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ബഹു.ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണം ബാങ്കുകളുടെ എ.റ്റി.എം. വഴി നൽകാനുള്ള ഉത്തരവ് നിലവിലുണ്ടോ; | (എ) 23.9.2011 ലെ സ.ഉ (പി) 402/11/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും അവരുടെ സമ്മതത്തോടെ പൊതുമേഖലാ ബാങ്കുകൾ വഴി വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) എ.റ്റി.എം. വഴിയുള്ള ശമ്പള വിതരണം ട്രഷറി നിക്ഷേപ സംവിധാനത്തെ തകർക്കാൻ സാധ്യതയുണ്ടോ യെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (ബി) 23.9.2011 ലെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുൻപും ഭൂരിപക്ഷം സർക്കാർ ജീവനക്കാരുടേയും ശമ്പളം പണമായി തന്നെ വിതരണം ചെയ്തുവരുന്നതിനാൽ പുതിയ ഉത്തരവ് ട്രഷറി നിക്ഷേപത്തെ ബാധിക്കില്ല. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി ശമ്പളം വാങ്ങുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരിലും ഭൂരിപക്ഷവും ശമ്പള ദിവസങ്ങളിൽ അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കുന്നു ണ്ടെന്നതിനാൽ ഈയിനത്തിലും ട്രഷറി നിക്ഷേപ ത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകാറില്ല. |
| (സി) നിലവിൽ ട്രഷറി നിക്ഷേപ സംവിധാനം ഉപയോഗിക്കുന്നതുകൊണ്ട് സർക്കാരിന് എത്ര കോടി രൂപ പലിശയിനത്തിൽ ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) ട്രഷറി നിക്ഷേപങ്ങൾക്ക് പലിശ നിക്ഷേപ കർക്കാണ് നൽകുന്നത്. അതിനാൽ സർക്കാരിന് പലിശയൊന്നും ലഭിക്കുന്നില്ല. |

Degas

സെക്ഷൻ ഓഫീസർ